1263

**അടിയന്തിരം**

നം.സി1/9631/15.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
എറണാകുളം,തീയതി.04.06.2015.

പ്രേഷിതൻ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ,
എറണാകുളം.

സ്വീകർത്താവ്

ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ,
ആലുവ..................

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - പ്രീ പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. ജി.ഒ.(എം.എസ്) നം. 385/2012/ജന.എഡ്യു. തീയതി, 7.12.12.
2. ജി.ഒ.(എം.എസ്) നം. 146/2013/ജന.എഡ്യു. തീയതി, 25.4.13.
3. ജി.ഒ.(എം.എസ്) നം. 137/2014/ജന.എഡ്യു. തീയതി, 18.7.14.
7. പൊതുവിദ്യാഭ്യാസ (പി) വകുപ്പിന്റെ 19.5.15 ലെ കത്ത് നം. 63299/പി1/14/ജന.എഡ്യു.

******

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ നടത്തുന്ന പ്രീ പ്രൈമറി ക്ലാസുകളിൽ 07.12.2012 വരെ നിയമിതരായ നിശ്ചിത യോഗ്യതയുള്ള പ്രീ പ്രൈമറി ജീവനക്കാർക്ക് സൂചന (1) ഉത്തരവ് പ്രകാരവും നിശ്ചിത യോഗ്യതയില്ലാത്തവർക്ക് 01.08.2012 ൽ സർവ്വീസിലുണ്ടെങ്കിൽ മാത്രം സൂചന (3) ഉത്തരവ് പ്രകാരവും ഓണറേറിയത്തിന് അർഹരാണ്. ആയതിനാൽ 07.12.2012 വരെ നിയമിതരായ പ്രീ പ്രൈമറി ജീവനക്കാരിൽ, നിശ്ചിത യോഗ്യതയും, അദ്ധ്യാപക വിദ്യാർത്ഥി അനുപാതവും പാലിച്ച് സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരവും അർഹതയുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ പേരു വിവരവും സൂചന (4) ഉത്തരവിൽ പറഞ്ഞിട്ടുള്ള ഡിക്ലേഷന്റെയും ഒരു പകർപ്പ് സഹിതം 2015 ജൂൺ 12 നുമുൻപ് ഈ കാര്യാലയത്തിൽ നൽകേണ്ടതും അർഹതയുള്ള ആരും ഇല്ലെങ്കിൽ വിവരം നൽകേണ്ടതുമാണ്. നിയമന തീയതി, യോഗ്യത, ഡിവിഷനുകൾക്കുള്ള അർഹത എന്നിവ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്നും അറിയിച്ചു കൊള്ളുന്നു.

പേര്, തസ്തിക, സ്കൂളിന്റെ പേര്, ജനന തീയതി, ജോലിയിൽ പ്രവേശിച്ച തീയതി, യോഗ്യത എന്നിവ ലിസ്റ്റിൽ വേണ്ടതാണ്.

വിശ്വസ്തതയോടെ.

വിദ്യാഭ്യാസ ഉപഡയറക്ടർ

കെജെ.5.6.

End A/773/2015 dt 19/6/2015
copy to all HMs concerned for urgent action
AEO, Aluva